19/251/2009. D. T. P. 4,90,000. G. P. S.

ഫോറം 16

[49-ാം വകുപ്പ് (2)-ാം ഉപവകുപ്പ് നോക്കുക]

G7

# സ്ഥാവരവസ്തു വിൽപ്പനയ്ക്കുള്ള നോട്ടീസ്

ബി2- 17800/2016/13

താലൂക്ക് ആഫീസ്
കണ്ണൂർ

ശ്രീ. അമീർ മൊഹമ്മദ്, S/O പി.പി. മൊഹമ്മദ്, എം.ഡി,
ഹഷത്തൂർ പ്രോപ്പർട്ടീസ്, ഫഹീന വില്ല, അഴീക്കോട്

ശ്രീ. ............ 9,89,500 + 21.2 ലക്ഷം ന്റെ (വീഴ്ചക്കാരൻ) വകയും താഴെ പട്ടികയിൽ പറയുന്നവയുമായ സ്ഥാവരവസ്തുക്കൾ............രൂപയ്ക്കുള്ള കുടിശ്ശിക യ്ക്കുവേണ്ടി ഈ തുക (കിട്ടേണ്ട തീയതിക്കുതൊട്ട് പിന്നീട് ആരംഭിക്കുന്ന കാലത്തേക്ക്)............പലിശയോടും അതു വസൂലാക്കുന്നതിന് വേണ്ടിവരുന്ന ചെലവ്, ചാർജ്, മറ്റു ചെലവുകൾ നടത്തി—എന്നിവയോടുംകൂടി വസൂലാക്കാവുന്നതാണ്—ജപ്തി ചെയ്തിരിക്കയാലും,

മേൽപ്പറഞ്ഞ കുടിശ്ശിക ചെലവ്, ചാർജ്, മറ്റു ചെലവുകൾ എന്നിവ ഈടാക്കുന്നതിനുവേണ്ടി ഇതോടുചേർത്തിരിക്കുന്ന പട്ടികയിൽ പറഞ്ഞിരിക്കുന്ന ജപ്തി ചെയ്യപ്പെട്ട വസ്തുക്കൾ വിൽക്കുന്നതിനായി താഴെ ഒപ്പിട്ടിരിക്കുന്ന ആൾ ഉത്തരവിട്ടിരിക്കുന്നതിനാലും, 20......22.03.2017......-ാം തീയതി (വിൽപ്പനയ്ക്ക് നിശ്ചയിച്ചിരിക്കുന്ന തീയതി) അതുപ്രകാരം......മേൽ പറഞ്ഞ രൂപ ചെലവും പലിശയും ഉൾപ്പെടെ കൊടുക്കേണ്ടിയിരിക്കുന്നതിനാലും,

മാറ്റിവയ്ക്കുന്നതു സംബന്ധിച്ച ഏതെങ്കിലും ഉത്തരവിന്റെ അഭാവത്തിൽ പ്രസ്തുത വസ്തു......കണ്ണൂർ തഹസിൽദാർ......എന്നയാൾ പ്രസ്തുത 20......22.03.2017......-ാം തീയതി ഉച്ചയ്ക്കുമുമ്പ്/ഉച്ചയ്ക്കുശേഷം......11......മണിക്ക്......മാണിയൂർ വില്ലേജ് ഓഫീസിൽ......സ്ഥലത്തുവെച്ച് പരസ്യമായി ലേലത്തിൽ വിൽക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

മുകളിൽ പേര് പറഞ്ഞിട്ടുള്ള ആളുടെ താഴെ പട്ടികയിൽ പ്രസ്താവിച്ചിരിക്കുന്ന വസ്തുവിന്റെ വിൽപ്പനയായിരിക്കും നടക്കുന്നത്. പ്രസ്തുത വസ്തുവിൻമേലുള്ള ബാദ്ധ്യതകളും അവകാശങ്ങളും അവ തിട്ടപ്പെടുത്തിയിടത്തോളം ഓരോ ഇനത്തിനും എതിരെ പട്ടികയിൽ പ്രത്യേകം പറഞ്ഞിരിക്കുന്നവയാണ്.

പട്ടികയിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന ഭാഗങ്ങളായി വസ്തു വിൽപ്പനയ്ക്ക് വയ്ക്കുന്നതാണ്. വസ്തുവിന്റെ ഒരു ഭാഗം വിൽക്കുന്നതുമൂലം വസൂലാക്കാനുള്ള തുക ലഭ്യമായാൽ ശേഷിക്കുന്ന ഭാഗത്തെ സംബന്ധിച്ചിടത്തോളം വിൽപ്പന ഉടനടി നിറുത്തി വയ്ക്കുന്നതാണ്. വിൽപ്പന ഉറപ്പിക്കുന്നതിനുമുമ്പായി മേൽപ്പറഞ്ഞ കുടിശ്ശികയും, കൊടുക്കേണ്ടതായ പലിശയും ചെലവും (വിൽപ്പന ചെലവ് ഉൾപ്പെടെ) വിൽപ്പന നടത്തുന്ന ഉദ്യോഗസ്ഥന്റെ അടുക്കൽ കൊടുക്കുകയോ അഥവാ അങ്ങനെയുള്ള കുടിശ്ശികയും പലിശയും ചെലവും താഴെ ഒപ്പിട്ടിരിക്കുന്ന ആളുടെ അടുക്കൽ കൊടുത്തുകഴിഞ്ഞുവെന്ന് അയാൾക്ക് തൃപ്തികരമായ തെളിവ് നൽകുകയോ ചെയ്താലും വിൽപ്പന നിറുത്തിവയ്ക്കുന്നതാണ്.

വിൽപ്പന സമയത്ത് നേരിട്ട് വിളിക്കുന്നതിനോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഏജൻറ് മുഖാന്തിരം വിളിക്കുന്നതിനോ പൊതുജന ങ്ങളെ ക്ഷണിക്കുന്നതാണ്. കേരള നികുതി വസൂലാക്കൽ ആക്ട് 50-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈ വിൽപ്പനയുമായി ബന്ധപ്പെട്ട ഏതെങ്കിലും ജോലി ചെയ്യുവാനുള്ള യാതൊരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റാളോ നേരിട്ടോ അഥവാ നേരിട്ടല്ലാതെയോ വിൽക്കപ്പെടുന്ന വസ്തു സംബന്ധിച്ച് ലേലം വിളിക്കുകയോ അതിൽ ഏതെങ്കിലും അവകാശബന്ധം സമ്പാദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

വിൽപ്പന 1968-ലെ കേരള നികുതി വസൂലാക്കൽ ആക്ടിലെ 49-ാം വകുപ്പിലും ആ ആക്ട് പ്രകാരമുണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലും നിർണ്ണയിച്ചിട്ടുള്ള വ്യവസ്ഥകൾക്കും താഴെപ്പറയുന്ന കൂടുതൽ വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കും :

(1) ഇതോടു ചേർത്തിട്ടുള്ള പട്ടികയിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന വിവരങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്ന ആളുടെ അറിവിൽപ്പെട്ടിടത്തോളം പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ നോട്ടീസിൽ ഉള്ള ഏതെങ്കിലും തെറ്റിനോ തെറ്റായ പ്രസ്താവനയ്ക്കോ വീഴ്ചയ്ക്കോ താഴെ ഒപ്പിട്ടിരിക്കുന്ന ആൾ സമാധാനം പറയേണ്ടതില്ലാത്തതാകുന്നു.

(2) എന്തു തുകകൾ വീതം കൂട്ടിയാണ് ലേലം വിളിക്കേണ്ടത് എന്നത് നിശ്ചയിക്കേണ്ടത് ലേലവിൽപ്പന നടത്തുന്ന ഉദ്യോഗസ്ഥനാണ്. ലേലം വിളിച്ച തുകയെപ്പറ്റിയോ ലേലം കൊള്ളാവുന്ന ആളെപ്പറ്റിയോ എന്തെങ്കിലും തർക്കം ഉത്ഭവിച്ചാൽ വസ്തു ഉടനെ വീണ്ടും ലേലത്തിന് വയ്ക്കേണ്ടതാണ്.

(3) ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആളെ ഏതെങ്കിലും ഭാഗം സംബന്ധിച്ച് ക്രേതാവായി പ്രഖ്യാപിക്കേണ്ട താണ്. എന്നാൽ അയാൾ ലേലം വിളിക്കുന്നതിന് എല്ലായ്പ്പോഴും നിയമാനുസൃതമായി യോഗ്യനായിരിക്കേണ്ടതാണ്; എന്നുമാത്രമല്ല ഏറ്റവും കൂട്ടി വിളിച്ച സംഖ്യ റിസർവ് വില എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിൽ കുറവായിരിക്കുകയോ അഥവാ കൊടുക്കാ നുദ്ദേശിക്കുന്ന തുക നിരസിക്കുന്നത് അഭിലഷണീയമാണെന്ന് വ്യക്തമായി തെളിയത്തക്കവണ്ണം വ്യക്തമായി അപര്യാപ്തമായിരിക്കുകയോ ചെയ്യുന്നപക്ഷം താഴെ ഒപ്പിട്ടിരിക്കുന്ന ആൾക്ക് അദ്ദേഹത്തിന്റെ വിവേചനം അനുസരിച്ച് ഏറ്റവും കൂടിയ തുകയ്ക്കുള്ള ലേലം വിളിയും നിരസിക്കാവുന്നതാണ്.

(4) രേഖപ്പെടുത്തപ്പെട്ട കാരണങ്ങളിൻമേൽ എല്ലായ്പോഴും 1968-ലെ കേരള നികുതി വസൂലാക്കൽ ആക്ടിലെ 49-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ വിവേചനമനുസരിച്ച് ലേലം മാറ്റിവയ്ക്കാവുന്നതാണ്.

(5) ക്രേതാവായി പ്രഖ്യാപിക്കപ്പെടുന്ന ആൾ അപ്രകാരമുള്ള പ്രഖ്യാപനം ഉണ്ടായ ഉടൻതന്നെ ലേലത്തുകയുടെ പതിനഞ്ചു ശതമാനം ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെയടുക്കൽ ഡിപ്പോസിറ്റായി കൊടുക്കേണ്ടതും അങ്ങനെ ഡിപ്പോസിറ്റ് ചെയ്യുന്നതിന് വീഴ്ച വരുത്തുന്നപക്ഷം വസ്തു പ്രസ്തുത ആക്ടിലെ 49-ാം വകുപ്പ് പ്രകാരം വീണ്ടും വിൽപ്പനയ്ക്ക് വയ്ക്കുന്നതുമാണ്. കൊടുക്കേണ്ടതായ ക്രയവില മുഴുവൻ വസ്തു വിറ്റ തീയതി മുതൽ ആ ദിവസം ഒഴിവാക്കിക്കൊണ്ട് മുപ്പത് ദിവസം കഴിയുന്ന തീയതിയിലോ അതിന് മുമ്പോ ക്രേതാവ് താഴെ ഒപ്പിട്ടിരിക്കുന്ന ആളുടെ അടുക്കൽ കൊടുക്കേണ്ടതും മുപ്പതാം ദിവസം ഒരു ഞായറാഴ്ചയോ അതോ മറ്റു വല്ല അവധിദിവസമോ ആണെങ്കിൽ മുപ്പതാം ദിവസത്തിനു ശേഷമുള്ള ആദ്യത്തെ ആഫീസ് ദിവസം കൊടുക്കേണ്ടതുമാകുന്നു. മേൽപ്പറഞ്ഞ സമയത്തിനകം പണമടയ്ക്കുന്നതിന് വീഴ്ച വരുത്തുകയാണെങ്കിൽ പുതിയ നോട്ടീസ് പുറപ്പെടുവിച്ചശേഷം വീണ്ടും ലേലത്തിൽ വിൽക്കേണ്ടതാണ്. ലേലവിൽപ്പനയുടെ ചെലവ് കഴിച്ചശേഷമുള്ള ഡിപ്പോസിറ്റ് ഗവൺമെന്റിന് പിഴയായി എടുക്കുന്നതിന് ഇടയാക്കുന്നതും വീഴ്ചവരുത്തുന്ന ക്രേതാവിന് വസ്തുവിലോ അതു പിന്നീട് വിറ്റു കിട്ടാവുന്ന തുകയുടെ ഏതെങ്കിലും ഭാഗത്തിലോ ഉള്ള എല്ലാ തേർച്ചകളും നഷ്ടപ്പെടുന്നതുമാണ്.

[മറുപുറം